The question that the Kerala Payment of Arrears of Rent in Instalments Bill, 1979, may be finally passed, was put and carried.

The motion was unanimously adopted and the Bill was finally passed.

(ii) 1979-ലെ കാണക്കുടിയായ്മ നിറുത്തലാക്കൽ (ഭേദഗതി) ബിൽ

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ): സർ, 1979-ലെ കാണക്കുടിയായ്മ നിറുത്തലാക്കൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

Mr. Deputy Speaker: The Bill stands introduced.

ശ്രീ. ബേബിജോൺ: ബില്ല് പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Labour and Housing **(Sri M. K. Raghavan):** Sir, I second it.

ശ്രീ. ബേബിജോൺ: ഈ ബില്ലിന്റെ അവതരണസമയത്ത് ഒന്നും പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. മിക്കവാറും എല്ലാം ഇതിന്റെ 'സ്റ്റേറ്റ് മെന്റ് ആഫ് ഒബ്ജക്ട്സ് ആൻറ് റീസൺസിൽ' വിശദീകരിച്ചിട്ടുണ്ട്. ഇത് വളരെയേറെ വാദപ്രതിവാദവും തർക്കവും ഉണ്ടാകുന്ന വിഷയ മാണെന്നും എനിക്കു തോന്നുന്നില്ല. ആമുഖമായി ഞാൻ ഒന്നും പറയു ന്നില്ല.

Sri N. I. Devassykutty: Sir, I move that the Kanam Tenancy Abolition (Amendment) Bill, 1979 be circulated for eliciting public opinion till 31st January 1980.

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഒട്ടധികം പറയാനുള്ള സംഗതികളും ഈ ബില്ലിലില്ലാ എന്നുള്ളതിനോട് ഞാൻ യോജിക്കുന്നു. പൊതുവേയിട്ട് പാട്ടക്കുടിശ്ശികകാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള ആമുഖമായ എല്ലാ കാര്യങ്ങളും ഈ ബില്ലിന്റെ കാര്യത്തിലും പാലിക്കപ്പെടണമെന്നുള്ള അഭിപ്രായം ഞങ്ങൾക്കുണ്ട്. പാട്ട ബാക്കിയെസംബന്ധിച്ച് പറഞ്ഞിട്ടുള്ള എല്ലാ അഭിപ്രായങ്ങളും ഈ കാണ ക്കുടിയാന്മാരുടെ ജന്മിക്കരക്കുടിശ്ശികയ്ക്കും ബാധകമാക്കണമെന്നു മാത്രമേ എനിക്ക് വിശദീകരിക്കുവാനുള്ളു. ഇതിൽ മന്ത്രി പറഞ്ഞിട്ടുണ്ട്, ഒരു കൊല്ലത്തെ കുടിശ്ശിക ഈ ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തി ഒരു കൊല്ലത്തിനുള്ളിൽ കെട്ടിവയ്ക്കണമെന്ന് നിബന്ധനയുണ്ടെന്ന്. മൂന്നുകൊല്ലത്തോളം കഴിഞ്ഞിട്ടും പല കൃഷിക്കാർക്കും അങ്ങനെ കെട്ടി വയ്ക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അവരുടെ ഭൂമി ഒഴിപ്പിക്കു ന്നതിനുള്ള നടപടികളും ആരംഭിച്ചു. അതുകൊണ്ട് ഈ വരുന്ന ഡിസംബർ 31-ാം തീയതിവരെ ഈ പണം—കുടിശ്ശിക കെട്ടിവയ്ക്കുന്നതിനുള്ള സാവകാശം കൊടുക്കുന്നുവെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അത് നല്ല കാര്യമാണ്. എങ്കിലും ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

പല കാണം ടെനൻസി അമൻറുമെൻറ് ബില്ലുകളും ഗവൺമെൻറിന് അവതരിപ്പിക്കാതിരിക്കുന്നതിനുള്ള ഏക പരിഹാരമാർഗ്ഗം, ഈ ഭാഗത്തുനിന്നും ഐകകണ്ഠ്യേന ചൂണ്ടിക്കാണിച്ചിട്ടുള്ള ഈ ജൻമിക്കരം, പാട്ട കുടിശ്ശിക ഒക്കെ നിശ്ശേഷം എഴുതിത്തള്ളുക, റദ്ദാക്കുക എന്നുള്ളതു തന്നെയാണ്, ഇതാണ് എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ള പ്രധാനപ്പെട്ട കാര്യം. മറ്റൊരു കാര്യം സന്ദർഭവശാൽ ചൂണ്ടിക്കാണിക്കേണ്ടതു്, കൊച്ചിപ്രദേശത്തുള്ള കാണകുടിയാന്മാരെസംബന്ധിച്ചുള്ള കാര്യം പറയുമ്പോഴും ബഹുമാനപ്പെട്ട മന്ത്രിയുടെ ഓർമ്മയിൽ മലബാർ കാണക്കുടിയാന്മാരുടെ കാര്യം ഉണ്ടായിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതിനെപ്പറ്റി ഇവിടെ വളരെ അധികം ചർച്ച നടന്നു, സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും അവതരിപ്പിച്ചു; ബഹുമാനപ്പെട്ട മന്ത്രിയുടെ പല ഉറപ്പുകളുണ്ടായി. പാലക്കാട് ജില്ലയിലും, മലപ്പുറം ജില്ലയിലും ഒക്കെയുള്ള ആയിരക്കണക്കിന് കാണക്കുടിയാന്മാരെ ബാധിക്കുന്ന ഒരു പ്രശ്നമാണ്; അവരുടെ മിച്ചവാരവും, കോൺട്രാക്ട് റെൻറും തമ്മിൽ ഉണ്ടായിട്ടുള്ള ഹൈക്കോടതിവിധിയെ സംബന്ധിച്ച കാര്യങ്ങളും. ഈ പ്രശ്നങ്ങളും തീർക്കുന്നതിനുള്ള ഒരു ബില്ല് ഇതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിക്കുമെന്നാണ് ഞങ്ങളും പ്രതീക്ഷിച്ചതു്. എന്നാൽ അക്കാര്യമൊന്നും പറഞ്ഞുകാണുന്നില്ല. അതുകൊണ്ട് അതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്ത് പറയുവാനുണ്ട്, അത് ഇന്ന് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ, അക്കാര്യങ്ങളെപ്പറ്റികൂടി ഞങ്ങൾക്ക് അറിയേണ്ടതുണ്ട്. ഏതായാലും കാണകുടിയാന്മാരെ സംബന്ധിച്ചുള്ള ഈ വൈരുദ്ധ്യം വരാൻ കാരണം ഈ കേരളാ ലാൻഡ് റിഫോംസ് ആക്ട് പാസാക്കുന്ന സമയത്ത് കൊച്ചിയിലെ കാണക്കുടിയാന്മാരുടെ പ്രത്യേക കാര്യം ആ ലാൻഡ് റിഫോംസ് ആക്ടിൽ പരാമർശിക്കാതിരുന്നതാണ്. അതായതു് ടെനൻസ് എന്നുള്ള നിർവചനത്തിൽ കൊച്ചിയിലെ കാണക്കുടിയാന്മാർ പെടാതെ പോയതുകൊണ്ടാണ് പ്രത്യേകം 'കാണകുടിയാൻ അബോളിഷൻ' ബില്ല് ഇന്ന് അവതരിപ്പിക്കുന്നതിന് കാരണമായതു്. അതു് നോട്ടപ്പിശകുകൊണ്ടു വന്ന കാര്യമാണെന്നു് പിന്നീടു് കാണകുടിയാൻ അബോളിഷൻ ബില്ല് അവതരിപ്പിച്ചുകൊണ്ടു് ഇവിടെ ഗവൺമെൻറുതന്നെ പറയുകയുണ്ടായിട്ടുണ്ടു്. അതുകൊണ്ടു് ഈ കാണകുടിയാൻ അബോളിഷൻ ബില്ല് അവതരിപ്പിക്കുമ്പോഴും തീർച്ചയായിട്ടും ഗവൺമെൻറിന് മലബാറിലെ കാണക്കുടിയാന്മാരെ സംബന്ധിച്ചുള്ള, ഹൈക്കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള കാര്യംകൂടി ഉൾപ്പെടുത്തിക്കൊണ്ടു് ഒരു ഭേദഗതി അവതരിപ്പിക്കാൻ ചുമതലയുണ്ടായിരുന്നു. അതു് ഇവിടെ അവതരിപ്പിച്ചു കാണുന്നില്ല. അതു് ഇവിടെ അവതരിപ്പിക്കുന്നുണ്ടോ, ഇല്ലയോ, ഈ വക കാര്യങ്ങളെപ്പറ്റി ഒരു ഉറപ്പുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ പക്കൽനിന്നു് കിട്ടുകയാണെങ്കിൽ, മലബാർ ജില്ലയിലേയും, പാലക്കാടു് ജില്ലയിലേയും കാണക്കുടിയാന്മാർക്ക് ആശ്വാസകരമായിരിക്കുമെന്നു് ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

Sri E. K. Pillai: Sir, I move that the Kanam Tenancy Abolition (Amendment) Bill, 1979 be referred to a Select Committee.

[12 Noon] സർ, ഞാൻ ഈ ബിൽ സെലക്ടുകമ്മിറ്റിക്ക വിടണമെന്നുള്ള ഭേദഗതി അവതരിപ്പിക്കുന്നതു് ഈ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതികളോടു് തത്വത്തിൽ വിയോജിപ്പുകൊണ്ടല്ല, പൊതുവായി സ്വീകാര്യമായിട്ടുള്ള കാര്യമാണു്. മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വലിയ വാദപ്രതിവാദത്തിനു പ്രസക്തിയില്ലാത്ത സ്വാഗതാർഹമായ ഒരു ബില്ലാണ് ഇതു്. പക്ഷേ ഇതു സെലക്ടു

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിക്ക് വിടണമെന്ന് ഞാൻ ആവശ്യപ്പെടുന്നതിന്റെ കാരണം ഈ നിർദ്ദിഷ്ട സമയത്തിനകത്ത് പാട്ടം അടക്കാൻ കഴിയാത്തതുകൊണ്ട് നിരവധി കുടിയാന്മാർ ഇപ്പോഴും കോടതി കയറി ഇറങ്ങി നടക്കുന്നു എന്നതാണ്. അവരുടെ സ്ഥാവര ജംഗമസ്വത്തുക്കളും പരസ്യമായി ലേലത്തിൽ വയ്ക്കുന്ന നടപടികളും ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴും കോടതിയിൽ അതുസംബന്ധമായി നിരവധി കേസുകളും നിലവിലുണ്ട്. ഇതെല്ലാം കണക്കാക്കുമ്പോഴും ഈ ബില്ലിൽ പറയുന്നതുപോലെ ഇതിനുള്ള സമയപരിധി 1979 ഡിസംബർ 31-ാം തീയതി എന്നു നിർവചിക്കുന്നത് പ്രായോഗികമാണോ എന്നു ഞാൻ സംശയിക്കുന്നു. കഴിഞ്ഞ മൂന്നു മൂന്നര വർഷക്കാലം സമയം കൊടുത്തിട്ടും കാണക്കുടിയാന്മാർ അവർ അടക്കേണ്ടതുക, ഒരു കൊല്ലത്തെ പാട്ടമോ പാട്ടക്കുടിശ്ശികയോ ഏതാണ് കുറവെന്നു വച്ചാൽ അതു അടച്ചുതീർക്കാൻ കഴിഞ്ഞിട്ടില്ല. അത് അവരുടെ കുറ്റമല്ല. കൃഷിക്കാർക്ക് ധാരാളം ബുദ്ധിമുട്ടുള്ളതുകൊണ്ട് അതിന് കഴിയാതെ വന്നതാണ്. അങ്ങനെയുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽ പറയുന്ന കാലാവധി അവസാനിക്കാൻ ഇനി രണ്ടു മൂന്നു മാസമേയുള്ളു, ഈ കാലത്തിനുള്ളിൽ അവർക്ക് ഇതിന്റെ സഹായം പ്രായോഗികമാക്കി എടുക്കാനുള്ള സമയമില്ലെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കൂടെക്കൂടെ പിശുക്കൻ മടിശ്ശീല അഴിക്കുന്നതുപോലെ നിയമത്തിൽ ഭേദഗതികളും വരുത്തുന്നതുകൊണ്ട് കാര്യമില്ല. ഈ നിയമംകൊണ്ട് ഉദ്ദേശിക്കുന്ന സഹായം യഥാർത്ഥ കർഷകന് അനുഭവിക്കാൻ കഴിയണമെങ്കിൽ 1979 ഡിസംബർ 31 എന്നുള്ളത് മാറ്റി സമയം അൽപം കൂടി നീട്ടിക്കൊടുക്കണം. അതിനാവശ്യമായ ചർച്ചയും ആലോചനയും നടത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ സെലക്ട്കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം ഞാൻ അവതരിപ്പിച്ചത്. അത് 1980 ഡിസംബർ 31 വരെ എന്നാക്കിയാൽപോലും ഒരു ദോഷവുമില്ല. അത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവരുന്നതിനു സഹായകരമായ നടപടികളും മന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. 1979 ഡിസംബർ 31 എന്നുള്ള കാലാവധി തീരെ പോര. ഇന്നു കോടതികളിൽ നിലവിലിരിക്കുന്ന കേസുകളുടെ കാര്യവും മറ്റും ആലോചിക്കുമ്പോൾ ഈ സമയപരിധി കൃഷിക്കാർക്ക് തടസ്സമായിത്തീരുമെന്നുള്ളതുകൊണ്ട് ആറുമാസമോ ഒരു കൊല്ലമോ കാലാവധി നീട്ടിക്കൊടുക്കത്തക്ക രീതിയിലുള്ള ഒരു ഭേദഗതി ബിൽ കൊണ്ടുവരുന്നതിന് മന്ത്രി മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. ശങ്കരൻകുട്ടി: സർ, ഭൂപരിഷ്കരണനിയമം കഴിഞ്ഞ പത്തുകൊല്ലക്കാലമായി നടപ്പിൽ വരുത്തിയപ്പോഴും കണ്ടിരുന്ന ചില പോരായ്മകളും പരിഹരിക്കുന്നതിനുവേണ്ടിയാണ് ചില ഭേദഗതി ബില്ലുകളും ചില പ്രത്യേക വിഭാഗങ്ങൾക്കും ചില പ്രത്യേക സെക്ഷനുകൾക്കും വേണ്ടി കൊണ്ടുവന്നിട്ടുള്ളത്. ഇത്തരത്തിലുള്ള ഭേദഗതി നിയമങ്ങൾ ചർച്ച ചെയ്യുമ്പോൾ, ഡെപ്യൂ റിലീഫ് ആക്ട് ചർച്ച ചെയ്യുന്ന അവസരത്തിൽ തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്തിയിരുന്നു. സമഗ്രമായ ലാൻറ് റിഫാംസ് ആക്ട്, കഴിഞ്ഞ പത്തുകൊല്ലക്കാലമായി, 1969 മുതൽ 1979 വരെയുള്ള കാലഘട്ടത്തിൽ നടപ്പിൽ വരുത്തിയതിൽ വിട്ടുപോയ പല കാര്യങ്ങളും, നടപ്പിൽ വരുത്തുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയുള്ള ഭേദഗതികളും കൊണ്ടുവരണമെന്നു പറഞ്ഞിരുന്നു. പക്ഷേ പ്രത്യേകമായ ചില വിഭാഗങ്ങളുടെ ബുദ്ധിമുട്ടുകൾ തീർക്കാൻവേണ്ടി ചില പ്രത്യേകമായ വകുപ്പുകൾക്കുള്ള ഭേദഗതിമാത്രം കൊണ്ടുവന്നിരിക്കുകയാണ്. എന്തായാലും

LIBRARY ARCHIVES Kerala Legislative Assembly

ആ ഭേദഗതികളെ സംബന്ധിച്ച് എനിക്ക് അഭിപ്രായവ്യത്യാസമില്ല. അതേ സംബന്ധിച്ച് ശ്രീ. ഇ. കെ. പിള്ള പറഞ്ഞതുപോലെ, മൂന്നുമാസത്തെ കാലാവധിയായ 1979 ഡിസംബർ 31 വരെ എന്നുള്ളത് മാറ്റി അത് 1980 ഡിസംബർ 31 വരെ എന്നാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെതന്നെ കാണം ടെനൻസി അബോളിഷൻ അമെൻറുമെൻറ് ബിൽ എന്നുപറഞ്ഞ് ഒരു ബിൽ കൊണ്ടുവന്നപ്പോഴും ഇതേ കാണക്കാരായി അറിയപ്പെടുന്ന കാണം ടെനൻസിയിൽപ്പെടുന്ന മലബാറിലെ കാണക്കുടിയാന്മാരും, പഴയ കൊച്ചിയിലെ തലപ്പിള്ളി താലൂക്കിലെ കാണക്കുടിയാന്മാരുമായ ആളുകളെ സംബന്ധിച്ചിടത്തോളം പഴയ ഭൂപരിഷ്ക്കരണ നിയമത്തിൻെറ പരിധിയിൽപ്പെട്ടില്ല എന്നുള്ളതുകൊണ്ട് ആനുകൂല്യം നഷ്ടപ്പെടുകയും ആ തെറ്റു തിരുത്താൻവേണ്ടി കാണം ടെനൻസി അബോളിഷൻ ആക്ട് കൊണ്ടുവന്നപ്പോഴും ഹൈക്കോടതിയിൽ എത്തിയ കേസ്സിലുണ്ടായ വ്യാഖ്യാനത്തിൻെറ വെളിച്ചത്തിൽ അവർക്ക് ഈ ആനുകൂല്യം നഷ്ടപ്പെടുകയും ചെയ്ത വിവരം പലപ്പോഴും ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. അത് ഇതിൽ പെടാതെ വന്നു എന്നുള്ളത് ഖേദകരമാണ്. ഈ അസംബ്ലി സെഷൻ തീരുന്നതിനുമുൻപായി ആ തെറ്റു തിരുത്താനുള്ള ഭേദഗതികൂടി കൊണ്ടുവരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. കോൺട്രാക്ട് റെൻറും, മിച്ചവാരവും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിച്ചുകൊണ്ട് മലബാർ ടെനൻസി നിലവിലുണ്ടായിരുന്ന സമയത്ത് ഇവിടത്തെ ഭൂപരിഷ്ക്കരണ നിയമത്തിൽ മലബാർ ടെനൻസിയുടെ പരിധിയിൽ പെടുന്ന കാണക്കുടിയാന്മാർ പെടുകയില്ലെന്ന് ഹൈക്കോടതിയിൽനിന്നു വിധി വരികയും, മിച്ചവാരവും കോൺട്രാക്ട് റെൻറും തമ്മിൽ വ്യത്യാസമുണ്ടെന്നു പറഞ്ഞുകൊണ്ട് മിച്ചവാരവുമായി ബന്ധപ്പെട്ടിട്ടുള്ള കാണക്കുടിയാന്മാർക്ക് ഇതിൻെറ ഫലം ലഭിക്കുകയില്ലെന്നു പറഞ്ഞതിൻെറ വെളിച്ചത്തിൽ ആയിരക്കണക്കായ മലബാറിലേയും തലപ്പിള്ളി താലൂക്കിലേയും കാണക്കുടിയാന്മാർക്ക് ഈ നിയമത്തിൻെറ പല ആനുകൂല്യങ്ങളും നിഷേധിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്. ഈ നിഷേധിക്കപ്പെട്ടിരിക്കുന്ന ആനുകൂല്യം അവർക്ക് വകവച്ചുകൊടുക്കാനുള്ള നിയമം ഈ അസംബ്ലി സെഷൻ അവസാനിക്കുന്നതിനുമുൻപായി കൊണ്ടുവരണം. അതുപോലെ ഈ മൂന്നുമാസം എന്നുള്ള കാലാവധി 1980 ഡിസംബർ 31 വരെയാക്കി വർദ്ധിപ്പിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. സുന്ദരേശൻ നായർ: സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു. കൊച്ചിൻ പ്രദേശത്തുള്ള കാണക്കുടിയാൻമാരെ സംബന്ധിച്ചിടത്തോളം അവർ കൊടുക്കാനുള്ള ജൻമിക്കരത്തിൽ വന്നിട്ടുള്ള കുടിശ്ശിക ഈടാക്കുന്നതിനുള്ള ബാദ്ധ്യതയിൽനിന്നു അവരെ മോചിപ്പിക്കുന്നതിനും ഇടത്തട്ടുകാരായി നിന്നുകൊണ്ട് ജൻമിക്കരം പിരിക്കാനുള്ള ജൻമിമാരുടെ അവകാശം ഇല്ലാതാക്കുന്നതിനുംവേണ്ടിയാണ് കാണം ടെനൻസി അബോളിഷൻ ആക്ട്, (1976) പാസ്സാക്കിയത്. ആ നിയമത്തിൽ ഓർഡിനൻസ് പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനകം അതിനു മുമ്പുണ്ടായിരുന്ന ഒരു വർഷത്തെ കുടിശ്ശികയോ അല്ലെങ്കിൽ ആകെ കുടിശ്ശികയോ ഏതാണ് കുറവ് അതു അടച്ചുതീർത്ത് ആ ബാദ്ധ്യത ഇല്ലാതാക്കാനുള്ള വ്യവസ്ഥയാണ് ഉണ്ടായിരുന്നത്. അതു ഗവൺമെൻറിലേക്കാണ് അടക്കേണ്ടത്. ജൻമിമാർക്ക് ഒരു കോമ്പൻസേഷൻപോലെ കൊടുത്ത് അവരുടെ അവകാശം ഇല്ലാതാക്കുന്ന വ്യവസ്ഥയാണ് ആ നിയമത്തിലുള്ളത്. മൂന്നുവർഷം കഴിഞ്ഞതിനുശേഷം ഇതുവരെ ആ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയാത്ത പാവപ്പെട്ട കുടിയാൻമാരാണ് കേസുമായി നടക്കുന്നത്. ഏതെ

LIBRARY ARCHIVES Kerala Legislative Assembly

കിലും രീതിയിൽ അതു കൊടുത്തുതീർക്കാൻ കഴിയുമായിരുന്നെങ്കിൽ മൂന്നു വർഷത്തിനു മുൻപുതന്നെ കൊടുത്തുതീർത്ത് ആ ബാദ്ധ്യതയിൽ നിന്ന് രക്ഷപ്പെടാൻ അവർ ശ്രമിക്കുമായിരുന്നു. അതിനുള്ള സാമ്പത്തിക ശേഷി ഇല്ലാത്തതുകൊണ്ടായിരിക്കണം മൂന്നു വർഷം കേസുമായി നടന്നത്. ഇന്ന് പലതും നഷ്ടപ്പെട്ടിരിക്കുന്ന ഒരു അവസ്ഥയിൽ അവർ എത്തിച്ചേർന്നിരിക്കുന്നു. ഇനി അടുത്ത മൂന്നുമാസം കൊണ്ട് പണം മുഴുവൻ അടച്ചുതീർത്ത് ഈ ബാദ്ധ്യതയിൽ നിന്ന് അവർ രക്ഷപ്പെടണമെന്ന് ഒരു നിയമം ഈ നിയമസഭ പാസ്സാക്കിയാൽ കഴിഞ്ഞ മൂന്നു വർഷംകൊണ്ട് അടക്കാൻ കഴിയാത്ത കുടിയാൻമാർക്ക് ബാക്കി ഈമൂന്നുമാസംകൊണ്ട് അടച്ചുതീർത്ത് അവരുടെ പ്രയാസം ഒഴിവാക്കാൻ കഴിയുമെന്ന് സഭ വിശ്വസിക്കുന്നതു ശരിയല്ല. അതുകൊണ്ട് കാലാവധി ഒരു വർഷം കൂടി നീട്ടിക്കൊടുക്കണം. 1979 ഡിസംബർ എന്നുള്ളത് 1980 ഡിസംബർ ആക്കണമെന്ന നിർദ്ദേശമാണ് ഇവിടെ വന്നത്. വളരെ പുരോഗമനപരമായ നടപടികളും നടത്തുന്ന ആളുകളാണ് നിങ്ങളും എങ്കിലും ബഹുമാനപ്പെട്ട മന്ത്രി മൽസരിക്കാൻ തയ്യാറല്ലെന്ന് ഇവിടെ പറഞ്ഞു. ഇതൊരു മൽസരമായി എടുക്കാതെ, കുറച്ചു കുടിയാൻമാരുടെ കാര്യത്തിലായിരിക്കും കേസ്സുകളും അവശേഷിക്കുന്നത്, ജൻമിമാർക്ക് കൊടുക്കാനുള്ളത് ഗവൺമെൻറ് കൊടുത്തുകഴിഞ്ഞു ആ ബാദ്ധ്യത തീർത്തുകഴിഞ്ഞിട്ടുണ്ട്, ഇനി ഗവൺമെൻറിനു കിട്ടാനുള്ളത് ചെറിയ തുകയുടെ കാര്യമാണ്, അതു റൈറ്റാഫ് ചെയ്ത് ഈ പാവപ്പെട്ട കുടിയാൻമാരെ സംരക്ഷിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. പി. ഗംഗാധരൻ: സർ, മന്ത്രി പറഞ്ഞതുപോലെതന്നെ വലിയ അഭിപ്രായവ്യത്യാസമൊന്നുമില്ല ഇതിനെസംബന്ധിച്ച്. പക്ഷേ, ശ്രീ. ദേവസ്സിക്കുട്ടി സൂചിപ്പിച്ച ഒരു വസ്തുത വീണ്ടും ഓർമ്മപ്പെടുത്താൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. ഭൂപരിഷ്ക്കരണ നിയമത്തിലെ പല ആനുകൂല്യങ്ങളും പല വിഭാഗങ്ങൾക്കും ലഭിച്ചിട്ടില്ല എന്നു കണ്ടതാണ് ഇത്തരം ഭേദഗതി നിയമം പിന്നീട് വരാനുണ്ടായ സാഹചര്യം. അതിൽ കാണക്കുടിയാൻമാരെ സംബന്ധിച്ചിടത്തോളം കൊച്ചി പ്രദേശത്തെ ഏതാനും താലൂക്കുകളെസംബന്ധിച്ച് ഒരു നിയമവും കൊണ്ടുവന്നു. എന്നാൽ വളരെക്കാലമായി മലബാർപ്രദേശത്തെ ഒന്നും രണ്ടും മൂന്നുമല്ല ലക്ഷക്കണക്കിന് വരുന്ന കുടിയാൻമാർ, കാണക്കുടിയാൻമാർ കോഴിക്കോടു പ്രദേശത്തെ ഏതാനും ഭാഗങ്ങളിലും മലബാർ ജില്ലയിലും പാലക്കാട് ജില്ലയിലും അവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെച്ചൊല്ലി മുറവിളി കൂട്ടിക്കൊണ്ടിരിക്കുകയാണ്. പല നിവേദനങ്ങളും പല ഘട്ടങ്ങളിലും നടത്തുകയും പല ഉറപ്പുകളും ലഭിക്കുകയും ചെയ്തിട്ടും ആ കാര്യങ്ങളും ഇനിയും പരിഗണനയ്ക്കു വന്നില്ല എന്നത് അൽപ്പം സങ്കടമുള്ള കാര്യമാണ്. അതുകൊണ്ട് ഇത്തരുണത്തിൽ ആ കാര്യങ്ങളും ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കോൺട്രാക്ട് റെൻറിൻെറയോ മിച്ചവാരത്തിൻെറയോ ഹൈക്കോടതിവിധിയുടെ പരാമർശനങ്ങളുംവഴി ദുരിതമനുഭവിക്കുന്ന ലക്ഷക്കണക്കിന് മലബാർ ഭാഗങ്ങളിലുള്ള കാണക്കുടിയാൻമാരെ സംബന്ധിച്ചിടത്തോളം ഈ ആനുകൂല്യങ്ങളും ലഭിക്കുന്നതിന് മതിയായ, സാരവത്തായ ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്, ആവശ്യപ്പെടുകയാണ്.

[Sri E. Chandrasekharan Nair in the chair]

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, ഇതിൻെറ കാലാവധി പോര കുറച്ചുകൂടി നീട്ടണമെന്ന് ഒന്നുകൂടി ഗവൺമെൻറിനോട് ആവശ്യപ്പെടുകയാണ്, അതുപോലെതന്നെ കാണക്കുടിയാൻമാരിൽ മിച്ചവാരവും

LIBRARY ARCHIVES Kerala Legislative Assembly

കരാർപാട്ടക്കാർക്ക് പ്രതിഫലം കൊടുക്കേണ്ടിവരുന്ന വിഷമങ്ങളെ സംബന്ധിച്ചിടത്തോളവും കഴിഞ്ഞ കുറേ കൊല്ലങ്ങളായി നമ്മൾ ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. എന്തായാലും കാണക്കുടിയാൻമാരിൽ ഒരു വിഭാഗത്തിനു ഈ ആനുകൂല്യം കൊടുക്കുന്ന ഒരു നിയമം കൊണ്ടുവരുന്ന അവസരത്തിൽ ഈ മിച്ചവാരം പ്രതിഫലമായി കൊടുക്കത്തക്കരൂപത്തിലുള്ള ക്ലാസ് കൊണ്ടുവരാതെ അതുവേറെ എവിടെയോ ഒളിഞ്ഞുകിടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതു വേറൊരുസ്ഥലത്ത് ഒളിഞ്ഞുകിടക്കുന്നുണ്ട്. ദുഃസാമർത്ഥ്യമെന്നോ ദുഃസൂചനയെന്നോ എന്താണ് ഞാൻ പറയേണ്ടത്? കാരണം മിച്ചവാരവും കോൺട്രാക്ട് റെൻറും കൂടി പറയുന്ന ഒരു ക്ലാസ് എൻെറ കയ്യിൽ ഡിസ്ട്രിബ്യൂട്ടുചെയ്ത വേറൊരു നിയമത്തിൽ ഒളിഞ്ഞുകിടക്കുന്നുണ്ട്. അതു വാസ്തവത്തിൽ ആവശ്യമുണ്ടായിരുന്നില്ല. കാരണം കാണക്കുടിയാൻമാരെ സംബന്ധിച്ചിടത്തോളം ഇവിടെ ഒരു പ്രത്യേക ബില്ലു കൊണ്ടുവരുമ്പോൾ അതിൻെറകൂടെ എഴുതിച്ചേർക്കാൻ കഴിയുന്ന ഒരു ക്ലാസ് ബോധപൂർവ്വം മറ്റൊന്നിലേക്കു മാറ്റിവച്ചത് നല്ല ഒരു കാര്യമാണെന്നു തോന്നുന്നില്ല. അത്രയേ ഞാൻ പറയുന്നുള്ളു. അതവിടെ നിന്നുമാറ്റി ഇപ്പുറത്തേക്കു ചേർക്കാനുള്ള സൻമനസ് ഉണ്ടാകണമെന്നാണ് പറയുന്നത്. വിചാരിച്ചാൽ അതും അതിൻെറ അപ്പുറവും നടക്കും. മൂന്നാം വായനയിലും നടക്കും. വായിച്ചുകൊണ്ടിരുന്നാലും നടക്കും, വായിച്ചുകഴിഞ്ഞാലും നടക്കും എന്നുള്ളത് നമ്മൾ ഇവിടെ കണ്ടു മനസ്സിലാക്കുന്നതല്ലേ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. കുഴപ്പം ഉണ്ടാക്കാൻവേണ്ടി കാണക്കുടിയാൻമാരിൽ ഒരുകൂട്ടരെ അറസ്റ്റ്ചെയ്യും. മിച്ചവാരം മര്യാദപ്പാട്ടമായി കണക്കാക്കി അവർക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള ധാരണയാണ് ഗവൺമെൻറിനുള്ളതെന്നാണ് ഗവൺമെൻറ് ഞങ്ങളുടെ കയ്യിൽതന്ന മറ്റൊരു ലജിസ്ലേഷനകത്തു പറയുന്നത്. ആ പറയുന്ന ഗവൺമെൻറ് തീർച്ചയായും ഈ ഭാഗത്തു ചേർക്കാതിരിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ പറയുന്നത് ഡിസംബർ 31 എന്നുള്ളതുമാറ്റി കുറച്ചു ടൈം കൊടുക്കുകയും. അതുപോലെ കാണക്കുടിയാൻമാർക്ക് മിച്ചവാരം കൊടുത്തുകൊണ്ട് അവർക്കുഭൂമിയിൽ ഉടമാവകാശികളാക്കാൻ കഴിയുന്ന മറ്റൊരു നിയമത്തിൽ ഒളിഞ്ഞുകിടക്കുന്ന ആ വകുപ്പെടുത്ത് ഇതിലേക്കു ചേർക്കുകയും ചെയ്യണമെന്നാണ് എൻെറ അഭ്യർത്ഥന.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 265-ൽ No Member shall anticipate the discussion of any subject of which notice have been given, provided that in determining whether a discussion is out of order on the ground of anticipation, regard shall be had by the Speaker to the probability of the matter anticipated being brought before the Assembly within a reasonable time. ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി കുറച്ചുനേരത്തേ വെല്ലുവിളിച്ചതുകൊണ്ടുകൂടിയാണ് ഞാൻ ഈ പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. റൂൾ 265 അനുസരിച്ച് ഈ സഭയിൽ ഉടനെ വരാൻ ഇടയുള്ളതും നോട്ടീസ് നൽകപ്പെട്ടിട്ടുള്ളതുമായ ഒരു കാര്യത്തെ സംബന്ധിച്ച് വിശദമായ ചർച്ച നടത്താൻ പാടില്ലെന്നാണ് അനുശാസിക്കുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ചെയ്യുന്നത് ഇവിടെ സർക്കുലേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ഒരു ബില്ലിൽ വിവരിക്കുന്ന കാര്യങ്ങൾ ഇവിടെ ചർച്ചയ്ക്ക് കൊണ്ടുവരികയാണ്. അതുകൊണ്ട് അത് ക്രമവിരുദ്ധമാണ്. അത് അനുവദനീയമാണോ എന്നുള്ളതിനെ സംബന്ധിച്ച് ചെയറിൽനിന്ന് റൂളിംഗ് തരണം.

LIBRARY ARCHIVES Kerala Legislative Assembly

Sri Baby John: Rule 265 says, no member shall anticipate the discussion of any subject of which notice has been given provided that in determining whether a discussion is out of order on the ground of anticipation, regard shall be had by the Speaker to the probability of the matter anticipated being brought before the Assembly within a reasonable time. എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഒരു ബില്ലവതരിപ്പിക്കുന്ന അവസരത്തിൽ അതിന്റെ ആമുഖമായി ബില്ലിന്റെ ഉള്ളടക്കത്തെക്കുറിച്ചും പൊതുവായ കാര്യങ്ങളെക്കുറിച്ചും പറയുമ്പോഴം ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യമാണ് പറയുന്നത്.

Mr. Chairman: Since it is not a discussion on the ground of anticipation, it is not out of order. There is no point in the point of order raised.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഒരു സബ്മിഷൻ. റൂം 265 വളരെ വ്യക്തമാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിലെ ഒരംഗമാണ്. മന്ത്രിയായാലും അംഗമായാലും ഈ സഭയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ള കാര്യത്തെ സംബന്ധിച്ച് അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ച് ഇവിടെ പരസ്യമായി പ്രതിപാദിക്കുന്നതും ചർച്ചയിലേക്ക് കടക്കുന്നതും അനുവദനീയമാണോ അല്ലയോ എന്ന് ഒരു റൂളിംഗ് തരണം.

മി. ചെയർമാൻ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മന്ത്രി ആദ്യം എന്തു പ്രസംഗിച്ചു എന്നുള്ളതിനെ സംബന്ധിച്ചല്ല പോയിന്റ് ഓഫ് ഓർഡർ റെയിസ് ചെയ്തത്. ഇപ്പോഴം അതു റെലവന്റ് അല്ല. ബഹുമാനപ്പെട്ട മെമ്പർ കുഞ്ഞിക്കണ്ണൻ ഇപ്പോഴം ഈ ബില്ലിന്റെ ഡിസ്ക്ഷന്റെ സമയത്തും ഈ ബില്ലിന് അമെൻറ്മെന്റ് കൊണ്ടുവരുമ്പോഴം വേറെ ചില കാര്യങ്ങൾകൂടി അമെൻറ്മെന്റായി കൊടുക്കാനും അതിന്റെ പാസിംഗ് റഫറൻസ് എന്നുള്ള രീതിയിൽ വേറൊരു നോട്ടീസ് തന്ന ബില്ലിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞതും are not out of order on the ground of anticipation as per rule 265. ഇവിടെ അദ്ദേഹം സംസാരിച്ചതിൽ ഒന്നും അപ്രസക്തമായിട്ടും റൂം 265 ബാർ ചെയ്തതായിട്ടും എനിക്കു തോന്നുന്നില്ല. അതുകൊണ്ട് ഇതിൽ പോയിന്റ് ഒന്നുമില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഞാൻ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. എന്നാലും സർക്കുലേറ്റു ചെയ്തുകഴിഞ്ഞിട്ടുള്ള ഒരു ബില്ലിൽ ഇന്നയിന്ന ബില്ലുകളിൽപ്പെട്ട ഇന്നയിന്ന ടെനൻസിയെ സംബന്ധിച്ചുള്ള കാര്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്കു കടക്കുന്നതു ശരിയല്ല. അങ്ങ് അത് അനുവദനീയമാണെന്നു പറയുകയാണെങ്കിൽ സ്വീകരിക്കാം.

മി. ചെയർമാൻ: റൂം 265-ൽ കൊണ്ടുപ്പോട്ടു ചെയ്യുന്ന anticipating discussion on any subject എന്നതും ഇവിടെ പരിഗണനയിലിരിക്കുന്ന നിയമത്തിൽ, ഇന്ന ക്ലാസുകൂടി ഇന്ന രീതിയിൽ ചേർത്താൽ കൊള്ളാമെന്നു പറയുന്നതും തമ്മിൽ ദൂരവ്യാപകമായിമാത്രം ബന്ധപ്പെടുന്നതാണ്. ഇവിടെ അദ്ദേഹം പ്രസംഗിച്ചപ്പോഴം പറഞ്ഞത് ഈ ബില്ലിൽ മിച്ചവാരത്തെക്കൂടി അബോളിഷ് ചെയ്യുത്തക്കരീതിയിൽ ഒരു വകുപ്പുകൂടെ എഴുതിച്ചേർക്കുന്നതു നന്നായിരിക്കും; ഇവിടെ നോട്ടീസ് തന്ന ഒരു ബില്ലിൽ അതിനെ സംബന്ധിച്ച് ചില പരാമർശനങ്ങം ഉണ്ട്, അതു അപര്യാപ്തമാണ്. അതുകൊണ്ട് അങ്ങനെയൊരു ഭേദഗതി വേണമെന്ന ഒരു നിർദ്ദേശ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുന്നതിനെ റൂൽ 265 ബാർ ചെയ്യുന്നില്ല. Anticipate the discussion of any subject അങ്ങനെ വന്നാൽ ഈ പറയുന്ന ബാർ വരുമായിരുന്നു. അതു കൊണ്ട് എന്റെ അഭിപ്രായത്തിൽ ഈ റൂൽ 265-ൽ ബാർ ചെയ്യത്തക്ക ഏതെങ്കിലും പരാമർശം അദ്ദേഹം നടത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ഡിബേറ്റിനെ കർട്ടെയിൽ ചെയ്യേണ്ട ആവശ്യവും ഉണ്ടെന്ന് എനിക്കു തോന്നുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: നോട്ടീസ് തന്നിട്ടുള്ള അമൻറുമെൻറിനെ സംബന്ധിച്ചെല്ലാം പറയുന്നത് ശരിയാണോ?

മി. ചെയർമാൻ: ഒരു പാസിംഗ് റഫറൻസിൽ അദ്ദേഹം ഇങ്ങനെയൊരു ഭേദഗതി നിർദ്ദേശം വച്ചായിരിക്കാം, അതിനെക്കുറിച്ച് എന്തോ നോട്ടീസ് തന്നിട്ടുണ്ട് എന്നു പറഞ്ഞു. അദ്ദേഹം ഒരു പ്രത്യേക ബിൽ ക്ലാസ് ബൈ ക്ലാസ് ആയി ഡിസ്ക്കസ് ചെയ്യുന്ന തരത്തിലുള്ള ഡിസ്കഷനിലേക്ക് പോയിട്ടില്ല. അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട ദേവസ്സിക്കുട്ടി ഇവിടെ പ്രസംഗിക്കുന്ന ഓരോ കാര്യങ്ങളിലും ഇങ്ങനെ വരാൻ പോകുന്ന കാര്യങ്ങളെക്കുറിച്ച് ആൻറിസിപ്പേറ്റ് ചെയ്യുന്നുണ്ട്. അതുകൊണ്ട് അത്രയും സ്ട്രൈക്ക് ചെയ്തു ഈ റൂൾ കൺസ്ട്രൂ ചെയ്യേണ്ട ആവശ്യമില്ല. അദ്ദേഹം ഒരു പ്രത്യേകമായ അമെൻറുമെൻറ് കൊണ്ടു വന്നാൽ കൊള്ളാമെന്ന് നിർദ്ദേശിക്കുകയാണ് ചെയ്തത്. ശ്രീ. കുഞ്ഞിക്കണ്ണന് പ്രസംഗം തുടരാം.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: സർ, കാണക്കുടിയാൻമാരായ ആളുകൾ പ്രത്യേകിച്ചും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ധാരാളമുണ്ട്. ഞാൻ ദുരുദ്ദേശം കൊണ്ടല്ല പറഞ്ഞത്. കഴിഞ്ഞ മൂന്നുനാലു വർഷക്കാലമായി, ഞാൻ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനം ഈ കേരളത്തിൽ അജിറ്റേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണിത്. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് വിഷമം അനുഭവിക്കുന്നവരുടെ കാര്യങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ്, കാണക്കുടിയാൻമാരെ സംബന്ധിച്ച് ഇത്തരമൊരു നിയമം കൊണ്ടുവരുന്ന അവസരത്തിൽ ഈ കാണക്കുടിയാൻമാരിൽതന്നെ ഒരു വിഭാഗം ആളുകളെ സംബന്ധിച്ചിടത്തോളം ഒരു ക്ലാസ് കൂടി എഴുതിച്ചേർക്കാൻ തടസ്സമില്ല. അതിന് പുതിയ ബിൽ അവതരിപ്പിച്ചുപോയി എന്നുള്ളതു ഒരു തടസ്സമാകേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി അത്തരമൊരു സമീപനം കൈക്കൊള്ളുന്നതാണ് ശരി. ഈ ഗവൺമെൻറുമായുള്ള കൂടിയാലോചനകളിൽ കാണക്കുടിയാൻമാരുടെ മിച്ചവാരത്തെ സംബന്ധിച്ച് ഒരു നിയമനിർമ്മാണം ഉണ്ടാക്കാമെന്ന് മന്ത്രി സമ്മതിച്ചിരുന്നു. അങ്ങനെ സമ്മതിച്ചിരുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ അവരെ ബാധിക്കുന്ന നിയമനിർമ്മാണം വരുമ്പോഴേ അതിൽപെട്ടിട്ടുള്ള ഒരു വിഭാഗത്തിന്റെ മറ്റൊരാവശ്യത്തെ ഇതിനകത്ത് ചേർക്കണമെന്ന് പറയുകയാണ്. അത് ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ:) സർ, കാര്യമായ യാതൊരുഅഭിപ്രായവ്യത്യാസവും ഈ സഭയിൽഅവതരിപ്പിച്ചിരിക്കുന്ന ബില്ലിനെ സംബന്ധിച്ച് ഇല്ലെന്നുള്ളതു വളരെ സന്തോഷകരമായ ഒരു കാര്യമാണ്. സമയം ദീർഘിപ്പിക്കണമെന്നാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. ഇനിയും ദീർഘിപ്പിച്ചു പോയാൽ പ്രശ്നങ്ങൾ സങ്കീർണ്ണമാകും. അതുകൊണ്ട് ആ നിർദ്ദേശത്തിന്റെ മേൽ നിർബന്ധം ഉണ്ടാകരുതെന്ന അഭ്യർത്ഥന മാത്രമാണ് എനിക്കുള്ളത്. മലബാർ പ്രദേശത്തുള്ള

LIBRARY ARCHIVES Kerala Legislative Assembly

കാണക്കുടിയാൻമാരുടെ പ്രശ്നങ്ങളും പലതും ഇവിടെ അവതരിപ്പിച്ചു. ഞാൻ കോൺഫറൻസിൽ ഉറപ്പു കൊടുത്ത കാര്യം ഇവിടെ പറഞ്ഞു. നിയമ നിർമ്മാണം നടത്തുമെന്ന് അന്ന് ഗവൺമെൻറ് പറഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ ഇതിനുവേണ്ടി നടത്തിയ സമരങ്ങളുടെ ഫലമായും മറ്റും നടത്തിയ കൂടിയാലോചനകളിലും പാട്ടബാക്കിയെ സംബന്ധിച്ചും ഇൻസ്റ്റാൾമെൻറിനെ സംബന്ധിച്ചും മിച്ചവാരത്തെ സംബന്ധിച്ചും എല്ലാം ഗവൺമെൻറ് സത്വരമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞിരുന്നു. ഗവൺമെൻറ് അതിൽനിന്നും പുറകോട്ട് പോയിട്ടില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ആ ഉറപ്പ് പാലിക്കുമോ എന്നുള്ളതിന് മറുപടി പറഞ്ഞില്ല.

ശ്രീ. ബേബി ജോൺ: ആ ചോദ്യത്തിൻെറ ഉദ്ദേശം എനിക്കറിയാം. എല്ലാ നിയമനിർമ്മാണനടപടികളെ സംബന്ധിച്ചും സൂക്ഷ്മമായി പഠിക്കുന്ന ശ്രീ. ദേവസ്സിക്കുട്ടി ഉന്നയിച്ച ഈ പ്രശ്നത്തെ സംബന്ധിച്ച് തക്ക നടപടി വേണ്ട സമയത്ത് സ്വീകരിക്കുമെന്നുള്ളതിൽ കവിഞ്ഞ് കൂടുതലായി ഒന്നും പറയുന്നില്ല.

The amendment moved by Sri N. I. Devassikutty, was put and lost.

The amendment moved by Sri E. K. Pillai, was by leave, withdrawn.

The question that the Bill be taken into consideration was put and carried.

The Bill was taken into consideration.

Clauses 2 and 3

The question that clauses 2 and 3 stand part of the Bill, was put and carried.

Clauses 2 and 3 were added to the Bill.

Clause 1 Preamble and Title

The question that Clause 1, Preamble and Title stand part of the Bill, was put and carried.

Clause 1, Preamble and Title were added to the Bill.

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി (ശ്രീ. ബേബി ജോൺ): സർ, 1979-ലെ കാണക്കുടിയായ്മ നിറുത്തലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജെ. ചിത്തരഞ്ജൻ: ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, ഒരു മോഷനെ പിന്താങ്ങേണ്ടത് എക്സ്മിനിസ്റ്റർ അല്ല മന്ത്രിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: അതിന്റെ ആവശ്യമില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു മന്ത്രി പിന്താങ്ങണമെന്നാണ്:

മി. ചെയർമാൻ: അങ്ങനെ പ്രൊവിഷനുണ്ടെങ്കിൽ അത് പോയിന്റ് ഔട്ട് ചെയ്യണം. I don't think that there is any such provision in the Rules of Procedure and Conduct of Business.

When a Member raises a point of order that such and such procedure is not regular, he should show the relevant provision to show why it is not in order. What he had stated was that, according to my knowledge, there is no provision in the Rules of Procedure which specifically says that a motion by the Minister should be seconded by the Minister. That is why I am saying that it has been seconded by one of the honourable Members. So the motion is in order.

The question that the Kanam Tenancy Abolition (Amendment) Bill, 1979 be finally passed was put and carried.

The motion was adopted and the Bill was finally passed.

(iii) 1979-ലെ കാണക്കുടിയായ്മ നിർത്തലാക്കൽ രണ്ടാം (ഭേദഗതി) ബിൽ

റവന്യൂവും സഹകരണവും വകുപ്പ് മന്ത്രി: (ശ്രീ. ബേബി ജോൺ): സർ, 1979-ലെ കാണക്കുടിയായ്മ നിർത്തലാക്കൽ (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. ബേബി ജോൺ: ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജെ. ചിത്തരഞ്ജൻ: പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ബേബി ജോൺ: സർ, ദീർഘമായി ഒന്നും തന്നെ പറയാനില്ല. ഇവിടെ ഇതേവരെ നടന്ന ചർച്ചകളുടെ വെളിച്ചത്തിൽ ഇനിയും ഇതിനെ സംബന്ധിച്ച് വിശദമായ ഒരു ചർച്ച ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. 1976-ലെ കാണം ടെനൻസി അബോളിഷൻ ആക്ടിൽ ഇടത്തട്ടുകാരുടെ റൈറ്റ്സ് അബോളിഷ് ചെയ്തിരുന്നു, കൊച്ചിൻ ഏരിയായിൽ. 1976-ലെ ആ നിയമം ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ ദിവസം മുതൽ, 1970 ജനുവരി 1-ാം തീയതി മുതൽ പിൽക്കാലപ്രാബല്യം കൊടുത്തുകൊണ്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. അതിലെ സെക്ഷൻ 15 (1) അനുസരിച്ച് എല്ലാ കൂടിശ്ശികകളും 1970 ജനുവരി 1-ാം തീയതിക്ക് മുൻപുള്ളത് all such arrears of Jenmikaram shall be deemed to be fully discharged if the Kanam tenant pays within one year from the date of publication of the Kanam Tenancy Abolition Ordinance, 1975, in the Gazette, an

LIBRARY ARCHIVES Kerala Legislative Assembly